RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



## അന്തിമോപചാരം അർപ്പിച്ചു



അന്തിക്കാട്: മുതിർന്ന മാധ്യമ പ്രവർത്തകനും ദേശാഭിമാനി മുൻ ന്യൂസ് എഡിറ്ററുമായിരുന്ന വാസുദേവൻ അന്തിക്കാടിന് ജന്മനാടും മാധ്യമപ്രവർത്തകരും വികാരനിർഭരമായ അന്തിമോപചാരം അർപ്പിച്ചു.

മന്ത്രിമാരും ജനപ്രതിനിധികളും രാഷ്ട്രീയ പ്രമുഖരും സാമൂഹ്യ -സാഹിത്യ- മാധ്യമ മേഖലയിലെ നിരവധി പേരും മുറ്റിച്ചൂർ കടവിലെ വസതിയിൽ എത്തി പുഷ്പചക്രം അർപ്പിച്ചു. റവന്യൂ മന്ത്രി കെ രാജൻ, മുൻ മന്ത്രി വിഎസ് സുനിൽകുമാർ, മുൻ എം.പി ടി എൻ പ്രതാപൻ കവി രാവുണ്ണി, ചെറുകഥാകൃത്ത് എൻ രാജൻ, ബെന്നി അന്തിക്കാട് എന്നിവർ അന്തിമോപചാരം അർപ്പിച്ചു. സീനിയർ ജേർണലിസ്റ്റ് ഫോറം കേരളയ്ക്ക് വേണ്ടി സംസ്ഥാന പ്രസിഡണ്ട് അലക്സാണ്ടർ സാം റീത്ത് സമർപ്പിച്ചു. ജില്ലാ സെക്രട്ടറി ജോയ് എം മണ്ണൂർ, സംസ്ഥാന സമിതി അംഗങ്ങളായ എൻ ശ്രീകുമാർ, ഹസൻ കോയ, വിയു സുരേന്ദ്രൻ, ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങളായ ജോൺസൺ ചെറയത്ത്, ഐ ജോൺ, കെ കെ രുദ്രാക്ഷൻ, ദേശാഭിമാനി പത്രാധിപ സമിതി അംഗങ്ങൾ ആയിരുന്ന രവികുമാർ, എൽ വി ജോൺസൺ, കെ. എൻ സനൽ എന്നിവരും അന്ത്യോപചാരം അർപ്പിച്ചു.

## വൈദ്യുതി നിരക്ക് വർധന – യൂത്ത് കോൺഗ്രസ്സിന്റെ ചൂട്ട് കത്തിച്ചുള്ള പ്രതിഷേധം




യൂത്ത് കോൺഗ്രസ്സ് ഇരിങ്ങാലക്കുട നിയോജക മണ്ഡലം കമ്മറ്റിയുടെ നേതൃത്വത്തിൽ വൈദ്യുതി നിരക്ക് വർദ്ധനവിൽ പ്രതിഷേധിച്ച് ഇരിങ്ങാലക്കുടയിൽ ചൂട്ട് കത്തിച്ച് പ്രധിഷേധിച്ചു. നിയോജക മണ്ഡലം പ്രസിഡന്റ് സനൽ കല്ലൂക്കാരന്റെ അധ്യക്ഷതയിൽ നടന്ന പ്രധിഷേധ സമരം ബ്ലോക്ക് കോൺഗ്രസ്സ് വൈസ് പ്രസിഡന്റ് അസറുദ്ധീൻ കളക്കാട്ട് ഉദ്ഘാടനം ചെയ്തു. നിയോജക മണ്ഡലം ഭാരവാഹികളായ അജയ് യു മേനോൻ, വിനു ആന്റണി, എബിൻ ജോൺ, മണ്ഡലം പ്രസിഡണ്ടുമാരായ ജോമോൻ മണാത്ത്, ശരത്ത് ദാസ്, സഞ്ജയ് ബാബു, ജസ്റ്റിൻ ജോൺ മുൻ മണ്ഡലം പ്രസിഡന്റ് ശ്രീറാം ജയബാലൻ തുടങ്ങിയവർ പ്രസംഗിച്ചു.

## സാവ്വേ ആശ്രമ സംയുക്ത തോട്ടത്തിന്റെ ഉൽഘടനം

തൃശൂർ: പറവട്ടാനി ചർച്ച സ്ക്വയർ മാർ അദ്ദായ് ശ്ലീഹ പള്ളിയിലെ വിശുദ്ധ അബീമലേക് തിമൊഥെയോസ് സ്മാരക സാധു സംരക്ഷണ നിധിയുടെ സാവ്വേ ആശ്രമ തോട്ടത്തിൽ പഴവർഗ്ഗങ്ങൾ, ഔഷധം, പച്ചക്കറി എന്നിവയുടെ തൈയുകളുടെ സംയുക്ത തോട്ടത്തിന്റെ ഉൽഘടനം ഒല്ലൂക്കര, പാണഞ്ചേരി കൃഷി ഭവൻ കൃഷി ഓഫീസർ അഭിമന്യു. പി.ആർ. ചെടികൾക്ക് വെള്ളം ഒഴിച്ചു കൊണ്ട് ഉൽഘടനം നിർവഹിച്ചു. പ്രസിഡന്റ് കൂടിയായ വികാരി റവ .റൂബോ വർഗീസ് കശ്ശീശ അദ്ധ്യക്ഷത വഹിച്ചു. കൈക്കാരൻ ടോണി റാഫേൽ , മെൻസ് അസോസിയേഷൻ ജനറൽ സെക്രട്ടറി അബി ജെ. പൊൻമാണിശ്ശേരി,,മെൻസ് അസോസിയേഷൻ ജോയിന്റ് സെക്രട്ടറി പോൾ മണ്ണുത്തി എന്നിവർ ആശംസ പ്രസംഗം നടത്തി. സാധു സംരക്ഷണ നിധിയുടെ സെക്രട്ടറി ആൻേറാഡി. ഒല്ലൂക്കാരൻ സ്വാഗതവും ജോയിന്റ് സെക്രട്ടറി സാബു .ഇ.പി. നന്ദിയും പറഞ്ഞു. പ്രാർത്ഥനയും ആശിർവാദവും റൂബോ കശ്ശീശ നിർവ്വഹിച്ചു.

5 ഇനം മാവ്, 5 ഇനം പ്ലാവ്, 5 ഇനം വാഴ, പേര, ചാമ്പ, സപ്രോട്ട, കോവക്കായ തൈ, അഗത്തി ചീര, മത്താ, കുമ്പളം, പടവലം, കയ്പ്പക്ക, വെള്ളരിക്ക, മുളക്, തക്കാളി കേബേജ്. കോളിഫ്ളവർ എന്നീ ഹൈബ്രീഡ് പച്ചക്കറി തൈകളും ആർലോടകം, കനിക്കുർക, തിപ്പലി, ചങ്ങലപേരണ്ട, കൊടുവേലിക്കിഴങ്ങ് തുടങ്ങിയ ഔഷധ തൈകളും സാവ്വേ ആശ്രമ തോട്ടത്തിൽ നട്ടിട്ടുണ്ട്. പരിപാടിയിൽ സമ്പന്ധിച്ചവർ പച്ചക്കറി വിത്തുകളും വിവിധ ഇനം തൈകളും സൗജന്യമായി നൽകി.



സി ബി സി ഐ പ്രസിഡന്റും തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്തായാണ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ജന്മദിനാഘോഷത്തിൽ ജനതാദൾ (എസ് ) തൃശ്ശൂർ ജില്ലാ പ്രസിഡന്റ് അഡ്വ സി. ടി ജോഫിയും ജില്ലാ ജനറൽ സെക്രട്ടറി പ്രീജു ആന്റണിയും ഷാൾ അണിയിച്ച് ആശംസകൾ നേരുന്നു. മേയർ എം. കെ വർഗീസ് തുടങ്ങിയ പ്രമുഖർ ജന്മദിനാഘോഷ പരിപാടികളിൽ പങ്കെടുത്തു.

## നാഷ്ണൽ ഹുമൺ റൈറ്റ്സിന്റെ പുരസ്കാരം കരീം പന്നിത്തടം ഏറ്റുവാങ്ങി



തൃശൂർ :-നാഷ്ണൽ ഹുമൺ റൈറ്റ്സ് കമ്മറ്റി (എൻ.എച്ച്.ആർ.സി) എറണാകുളം തെരേസസ് കോളേജിൽ സംഘടിപ്പിച്ച അന്താരഷ്ട്ര മനുഷ്യവകാശദിന സംഗമത്തിൽ വെച്ച് കേരള മുന്നോക്ക കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് സി.എൻ.രാമചന്ദ്രനിൽ നിന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം മാനവ സേവാ പുരസ്ക്കാരം ഏറ്റുവാങ്ങി.

സംസ്ഥാന ചെയർമാൻ ഷാനവാസ് മേത്തർ അദ്ധ്യക്ഷത വഹിച്ചു.മുൻ കേന്ദ്രമന്ത്രി പ്രൊ:കെ.വി.തോമാസ്, ജഡ്ജി വി.ദിലീപ്,മനുഷ്യാവകാശ കമ്മീഷൻ മുൻചെയമാൻ മോഹൻദാസ്,നാഷ്ണൽ വർക്കിങ് ചെയർമാൻ കെ.യു.ഇബ്രാഹിം, കാലടി സംസ്കൃത സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ: ദിലീപ് കുമാർ, കൊച്ചിൻ കോർപ്പറേഷൻ മുൻ ഡെപ്യൂട്ടി മേയർ കെ. ആർ.പ്രേംകുമാർ, സെന്റ് തെരേസ കോളേജ് പ്രിൻസിപ്പിൽ ഡോ:അൽഫോൻസ വിജയ എന്നിവർ അനുമോദന പ്രസംഗം നടത്തി.




## റവന്യൂ റിക്കവറി അദാലത്ത് 18ന്

കൊടുങ്ങല്ലൂർ: കേരള ജല അതോറിറ്റിയും കൊടുങ്ങല്ലൂർ താലൂക്കും സംയുക്തമായി വാട്ടർചാർജ് റവന്യൂ റിക്കവറി നേരിടുന്ന ഉപഭോക്താക്കൾക്കായി 18ന് 10:30 മുതൽ കൊടുങ്ങല്ലൂർ താലൂക്ക് കോൺഫറൻസ് ഹാളിൽ റവന്യൂ റിക്കവറി അദാലത്ത് നടത്തുന്നു.

ലോകമലേശ്വരം, പുല്ലൂറ്റ്, മേത്തല, എറിയാട്, അഴീക്കോട്, എടവിലങ്ങ് എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട വാട്ടർ ചാർജ് കുടിശ്ശിക കാരണം വാട്ടർ കണക്ഷൻ വിച്ഛേദിക്കപ്പെട്ട ശേഷം ജപ്തി നടപടികൾ നേരിടുന്ന ഉപഭോക്താക്കൾക്ക് പങ്കെടുക്കാം.

ബാധ്യത തീർക്കുന്നവർക്ക് അർഹിക്കുന്ന പരമാവധി ഇളവ് നൽകാൻ നടപടികൾ ഉണ്ടാകും അതിനാൽ അടയ്ക്കാനുള്ള തുക കൂടി കയ്യിൽ കരുതി അന്നേദിവസം അദാലത്തിൽ നേരിട്ട് ഹാജരാകണമെന്ന് ജല അതോറിറ്റി അധികൃതർ നിർദ്ദേശിച്ചു. റിക്കവറി ക്യാമ്പിൽ ഹാജരായി ബാധ്യത തീർക്കാത്ത പക്ഷം കുടിശ്ശിക ഈടാക്കാനായി ഇനിയൊരു അറിയിപ്പ് കൂടാതെ കുടിശ്ശികക്കാരന്റെ സ്ഥാവര ജംഗമവസ്തുക്കളുടെ ജപ്തി നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## നിര്യാതരായി

### സുഷമ



തൃശൂർ ജില്ലാ സഹകരണ ബാങ്ക് മുൻ എക്സിക്യുട്ടീവ് ഓഫീസർ സി കെ സുഷമ (64) നിര്യാതയായി. കോൺഗ്രസ് നേതാവ് എയ്യാൽ പരം ജ്യോതി ഗോപാലകൃഷ്ണന്റെ ഭാര്യയാണ്. സംസ്കാരം ഇന്ന് 3-30 ന് എയ്യാലിലെ വീട്ടുവളപ്പിൽ. മക്കൾ: ഡോ. മിഥുൻ (അമല മെഡിക്കൽ കോളേജ്, ഹരികൃഷ്ണൻ, മരുമകൾ: ഡോ: ശ്രുതി

### ശരവണൻ



ഇരിങ്ങാലക്കുട : കൊരുമ്പിശ്ശേരി കാരയിൽ പുരുഷോത്തമൻ മകൻ ശരവണൻ (51) നിര്യാതനായി. സംസ്കാരം നടത്തി. ഭാര്യ : ദിജിമോൾ, മകൻ : സച്ചിൻ

## സെമിനാർ സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട: 18, 19, 20 തിയ്യതികളിൽ നടക്കുന്ന സി പി ഐ എം ഏരിയ സമ്മേളനത്തിന്റെ ഭാഗമായി ഇരിങ്ങാലക്കുടയുടെ വികസന സാധ്യതകൾ എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. മുരിയാട് പഞ്ചായത്ത് പ്രസിഡന്റ് ജോസ് ജെ ചിറ്റിലപ്പിള്ളി അധ്യക്ഷത വഹിച്ചു. പോൾ ഫ്രാൻസിസ് കണ്ടംകുളത്തി, ഡോ. റെനീസ് ഡേവീസ്, ഡോ. പി എസ് മനോജ് കുമാർ, വിനോദ് ഇടവന എന്നിവർ പ്രഭാഷണം നടത്തി. ഡോ. കെ പി ജോർജ് സ്വാഗതവും ഏരിയ സെക്രട്ടറി വി എ മനോജ് കുമാർ നന്ദിയും പറഞ്ഞു.

## ലേലം

ഇരിങ്ങാലക്കുട: വില്ലേജിലെ ബിജു. എം.കെ കുടിശ്ശിക അടവാക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നത് വസൂലാക്കുന്നതിനായി ജപ്തി ചെയ്ത ടിവി, പെഡസ്റ്റൽ ഫാൻ തുടങ്ങിയ ജംഗമങ്ങൾ ജനു. 3 പകൽ 11.00 മണിക്ക് മുകുന്ദപുരം താലൂക്ക് ഓഫീസിൽ പൊതുലേലം ചെയ്യും. ഫോൺ-04802825259.



യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജ് സെന്റർ ഫോർ എനർജി സ്റ്റഡീസ് ഊർജ്ജസംരക്ഷണ സെമിനാർ വെള്ളാങ്ങല്ലൂർ കെ എസ് ഇ ബി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ടി എസ് ഇസ്മയിൽ നയിക്കുന്നു.

## മതിലകം ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവം



ഇരിങ്ങാലക്കുട: മതിലകം ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവം 2024ന് നീന്തൽ മത്സരങ്ങളോടെ തുടക്കമായി. പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വിനീത മോഹൻദാസിന്റെ അധ്യക്ഷതയിൽ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ നീന്തൽ പരിശീലന കേന്ദ്രത്തിൽ വച്ചു നടന്ന ചടങ്ങ് മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സി.കെ.ഗിരിജ ഉദ്ഘാടനം നിർവ്വഹിച്ചു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺകെ. കെ.വത്സമ്മ ടീച്ചർ, പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ സായിദ മുത്തുക്കോയ തങ്ങൾ, സ്നേഹദത്ത്, സന്ധ്യ സുനിൽ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ .എം.കെ.ഫൽഗുനൻ, മിനിഷാജി, ഹഫ്സ ഒഫൂർ, കരീം. കെ.എ , നൗഷാദ് കറുകപ്പാടത്ത്, വി.എസ്.ജിനേഷ്, ജോയിന്റ് ബി ഡി. ഒ. ഐ ബി.സി.ബി, എക്സ്റ്റൻഷൻ ഓഫീസർമാരായ, ആഡ്ലി ഉസ്മാൻ, ജാഫർ പാണാലി,ഗീത, ഹെഡ് ക്ലാർക്ക് സിദ്ധിക്ക്. സി.എ. നജീബ് എക്സൽ, യൂത്ത്കോ -ഓർഡിനേറ്റർമാർ, ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ മത്സരാർത്ഥികൾ,എന്നിവർ പങ്കെടുത്തു. മതിലകം ബ്ലോക്ക് പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺഷീജ ബാബു സ്വാഗതവും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കെ. മധുരാജ് നന്ദിയും പറഞ്ഞു.



ചെമ്മണ്ട ശ്രീ സുബ്രഹ്മണ്യ ക്ഷേത്രത്തിൽ തൃക്കാർത്തികയോടനുബന്ധിച്ച് ക്ഷേത്രം മേൽശാന്തി നെടുംമ്പിള്ളി ഗോവിന്ദൻ തിരുമേനിയുടെ നേതൃത്ത്വത്തിൽ സർവ്വൈശ്വര്യപൂജയും ഭഗവത്സേവയും തൃക്കാർത്തിക ദീപ കാഴ്ചയും നടന്നു

